**പ്രകൃതിയുടെ മനോഹാരിതയിൽ അഭിരമിച്ചു ജീവിച്ച, ഭാവനാ സമ്പന്നനായ പി. കുഞ്ഞിരാമൻനായരെ വെറും കാമഭ്രാന്തനും ശൃംഗാര കുഴമ്പനും മാത്രമാക്കി അവതരിപ്പിക്കുകയാണ് 'ഇവൻ മേഘരൂപൻ' എന്ന സിനിമയെന്ന്**

**എസ്. നാരായണൻ**

# കുഞ്ഞിരാമൻനായർ ഖുശ്വന്ത് സിംഗല്ല

സഖാവ് എന്നുമാത്രം പറഞ്ഞാൽ മലയാളിക്ക് അത് പി. കൃഷ്ണപിള്ളയാണ്. കവി എന്നു മാത്രം പറഞ്ഞാൽ അത് പി. കുഞ്ഞിരാമൻ നായരല്ലാതെ മറ്റാരുമല്ല. ഒരു അവധൂതനെപ്പോലെ ആയുസ്സു മുഴുവൻ അലഞ്ഞു തീർത്ത് അവസാനം ഏതോ വഴിയമ്പലത്തിൽ കിടന്നു ജീവൻ വെടിഞ്ഞ ആ കവിജന്മത്തോട് ജീവിതം കരുണ കാണിച്ചു എന്നു പറയാനാകില്ല. ('കുയിലിനും മയിലിനും കുഞ്ഞിരാമൻ നായർക്കും കൂടില്ല' - കെ.ജി. ശങ്കരപ്പിള്ള). ഇപ്പോഴിതാ കുഞ്ഞിരാമൻ നായരെ പറ്റി എന്നു പ്രചരിപ്പിക്കപ്പെടുന്ന 'ഇവൻ മേഘരൂപൻ' എന്ന സിനിമയിലൂടെ അദ്ദേഹം അങ്ങേയറ്റത്തെ അവഹേളനത്തിനും പാത്രമായിരിക്കുന്നു.

എല്ലായ്പ്പോഴും സഖിമാരാൽ പരിലാളിക്കപ്പെടുന്നതിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ച, അതിനുവേണ്ടി നാടൻ പാട്ട് ശേഖരണമെന്നും കവിതയെഴുത്തെന്നും മറ്റും പറഞ്ഞ് താന്തോന്നിയായി ജീവിച്ചു മരിച്ച ഒരാഭാസൻ എന്നായിരിക്കും സിനിമയിലൂടെ മാത്രം കവിയെ അറിയാൻ ഇടവരുന്നവർ ധരിച്ചുവശാകുക. 'സഖിമാരും ഞാനും' എന്ന ആത്മകഥാപരമായ പുസ്തകം എഴുതി ചൂടപ്പം പോലെ വിറ്റഴിച്ച ഖുശ്വന്ത് സിംഗിനെപ്പോലുള്ളവരുടെ ജീവിതമല്ല കുഞ്ഞിരാമൻ നായർ ജീവിച്ചു തീർത്തത്. പ്രകൃതിയുടെ മനോഹാരിതയിൽ അഭിരമിച്ചു ജീവിച്ച, മലയാളത്തിലെ ഏറ്റവും ഭാവനാ സമ്പന്നൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന അദ്ദേഹത്തെ വെറും കാമഭ്രാന്തനും ശൃംഗാര കുഴമ്പനും മാത്രമാക്കി അവതരിപ്പിക്കുകയാണ് സിനിമയിൽ ഉടനീളം. ഒന്നിനു പുറകേ ഒന്നായി ഏതാണ്ട് അര ഡസനോളം സ്ത്രീകളുമായി കവി കൂടിക്കുഴയുന്നതിന്റെ വിശദാംശങ്ങളാണ് സിനിമ മുഴുവനും. ഒരുത്തിയിൽ നിന്നും മറ്റൊരുത്തിയിലേക്ക് എന്ന മട്ടിലുള്ള അദ്ദേഹത്തിന്റെ പോക്കുകണ്ടാൽ, ഒരു കവുങ്ങിൽ കയറി ഒരുപാട് കവുങ്ങുകളിലേക്ക് പകർന്ന് അടയ്ക്ക പറിക്കുന്ന പഴയകാല വിദ്യ ഓർത്തു പോകും. തിയ്യറ്ററിൽ ഇടയ്ക്കിടെ ഉയരുന്ന കൂവലുകൾക്ക് കാരണം കുഞ്ഞിരാമൻ നായർ എന്ന കവി അവഹേളിക്കപ്പെട്ടു എന്നു കരുതിയാകാൻ ന്യായമി

ല്ല. പരിഹാസ്യമാം വിധം പെരുമാറുന്ന ഒരു നായകനെ സ്വീകരിക്കേണ്ടി വന്ന പ്രേക്ഷകരുടെ വൈമനസ്യത്തിൽ നിന്നുയർന്ന കൂവലാണ് അത്.

കവി ഭാര്യയോടും അവരുടെ കൂട്ടുകാരിയോടും കൂടി (അതും കവിയുടെ മറ്റൊരു കാമുകി തന്നെ!) ഗുരുവായൂരിൽ കൃഷ്ണനാട്ടം കാണുന്ന ഒരു രംഗമുണ്ട്. 'മുല്ലപ്പൂ ചുറ്റൽ' എന്ന കൃഷ്ണനാട്ടത്തിലെ, ഗോപസ്ത്രീകൾ കൃഷ്ണനെ സ്തുതിച്ചു കൊണ്ട് നൃത്തം ചെയ്യുന്ന ഭാഗമാണ് അവർ കാണുന്നത്. സ്ത്രീകളെ ഉപയോഗിച്ചുള്ള ഒരു മുല്ലപ്പൂചുറ്റൽ ആണ് നായകന്റെ ജീവിതം എന്ന ധ്വനിയാണ് പ്രേക്ഷകന് ലഭിക്കുന്നത്.



പത്തു വർഷം കുഞ്ഞിരാമൻ നായരെ കുറിച്ച് പഠിച്ചതിനു ശേഷമാണ് ഈ സിനിമ പറ്റിച്ചു കളഞ്ഞത് എന്നു സംവിധായകൻ അവകാശപ്പെട്ടു കണ്ടു. പത്തു വർഷത്തെ പഠനത്തിനു ശേഷവും കവി ഒരു വിഷയലമ്പടൻ മാത്രമാണെന്നാണ് അദ്ദേഹത്തിന് തെളിഞ്ഞു കിട്ടിയത്. ഇത്രയും വർഷം കൊണ്ട് കവിക്കുള്ള അഞ്ചോ ആറോ സ്ത്രീ ബന്ധങ്ങൾ മാത്രമേ സംവിധായകന്റെ ഇൻവെസ്റ്റിഗേഷനിൽ വന്നിട്ടുള്ളൂ. മലയാളിയുടെ ഭാഗ്യത്തിന് പഠനം പത്തുവർഷത്തിലധികം നീണ്ടില്ല.

**'ഇന്നലെ രാത്രി ഭാരതപ്പുഴയുടെ മണൽപരപ്പിലാണോ കുഞ്ഞിമാളുവിന്റെ ചാരത്താണോ കിടന്നുറങ്ങിയത്' എന്ന് ചോദിച്ചാൽ അദ്ദേഹത്തിന് ഉത്തരം നല്കാൻ കഴിഞ്ഞെന്ന് വരില്ല. രണ്ടും തമ്മിൽ വലിയ ഭേദമൊന്നും അദ്ദേഹത്തിനില്ല. പ്രകൃതിയുമായി അത്രമാത്രം ലയിച്ചു ചേരാൻ കഴിഞ്ഞ ജീവിതമാണ് അത്**

കുഞ്ഞിരാമൻ നായർ മൂന്ന് ആത്മകഥകൾ എഴുതിയിട്ടുണ്ട്. 'കവിയുടെ കാല്പാടുകൾ', 'എന്നെ തിരയുന്ന ഞാൻ', 'നിത്യകന്യകയെ തേടി' എന്നിവയാണവ. പത്തു കൊല്ലം ഗവേഷണമൊന്നും ചെയ്യേണ്ട, ഇതിലേതെങ്കിലും ഒരെണ്ണം വായിച്ചാൽ മതി അദ്ദേഹം പെണ്ണിന്റെയല്ല പ്രകൃതിയുടെ ഉപാസകനായിരുന്നു എന്നറിയാൻ. 'ഇന്നലെ രാത്രി ഭാരതപ്പുഴയുടെ മണൽ പരപ്പിലാണോ കുഞ്ഞിമാളുവിന്റെ ചാരത്താണോ കിടന്നുറങ്ങിയത്' എന്ന് ചോദിച്ചാൽ അദ്ദേഹത്തിന് ഉത്തരം നല്കാൻ കഴിഞ്ഞെന്ന് വരില്ല. രണ്ടും തമ്മിൽ വലിയ ഭേദമൊന്നും അദ്ദേഹത്തിനില്ല. പ്രകൃതിയുമായി അത്രമാത്രം ലയിച്ചു ചേരാൻ കഴിഞ്ഞ ജീവിതമാണ് അത്. സ്ത്രീ അദ്ദേഹത്തിന് പ്രകൃത്യുപാസനയുടെ ഭാഗം മാത്രമാണ്. 'വരുമോ കുങ്കുമം തൊട്ട സാന്ധ്യശോഭ കണക്കവൾ' എന്നെഴുതിയ കവിയെ ചിത്രീകരിക്കാൻ കവി അന്തിയുറങ്ങിയ വീടുകൾ അന്വേഷിച്ച് ക്യാമറയും ലൈറ്റുമായി പോകുകയാണ് സംവിധായകൻ. 'ഈർച്ച കമ്പനിയായി മാറീ ഋഷി വാണ തപോവനം' എന്ന് വർഷങ്ങൾക്ക് മുൻപ് പരിസ്ഥിതിയെക്കുറിച്ച് ദർശനം ചെയ്ത കുഞ്ഞിരാമൻ നായരെ പോലൊരു കവിയെ കിടപ്പറയിലല്ല തിരയേണ്ടത്. 'വ്യോമക്കറുമ്പിപ്പശുവിൻ മുല മാമല മുട്ടിക്കുടിപ്പൂ' എന്നെഴുതിയതു മനസ്സിലാക്കാതെ വേറെ എന്തൊക്കെയോ ആണെന്നു ധരിച്ചു ഹാലിളകിയതാണോ സംവിധായകനു പറ്റിയ കുഴപ്പം? ഇനി കവിത മനസ്സിലാകില്ല എന്നാണെങ്കിൽ, ഗദ്യത്തിൽ തന്നെ വ്യക്തമായി അദ്ദേഹം എഴുതിവെച്ചിരിക്കുന്നു'... അങ്ങനെ അവൾക്ക് വേണ്ടി, ജീവിതസർവ്വസ്വമായ കവിതയ്ക്കുവേണ്ടി, ആ നിത്യകന്യകയ്ക്കുവേണ്ടി, ഭാരതപ്പുഴക്കരയിലെ ഗ്രാമഭംഗിയുമായി മനസ്സ് നിത്യസംബന്ധത്തിലേർപ്പെട്ടു...'

കുഞ്ഞിരാമൻ നായരായി വന്ന നടനെക്കുറിച്ച് പറയാതിരിക്കുകയാണ് ഭേദം. പി.സി. ജോർജ്ജ് വനഭംഗിയെ പറ്റി വർണിച്ചാൽ എങ്ങനെയിരിക്കും? അത്രയും ചേർച്ചയുണ്ട് കവിയായി വന്ന നടൻ. വഴിയിൽ കുട്ടികളെ കാണുമ്പോൾ അവരുടെ കൈകൾ കൂട്ടിപ്പിടിച്ച് സ്വന്തം ശിരസ്സിൽ വെച്ച് 'അനുഗ്രഹിക്കണം' എന്ന് അപേക്ഷിക്കുന്ന രീതിയുണ്ടായിരുന്നു കുഞ്ഞിരാമൻ നായർക്ക്. സിനിമയിലും അത് കാണിച്ചിട്ടുണ്ട്. ഭക്തകവി എന്നു കൂടി അറിയപ്പെടുന്ന അദ്ദേഹത്തിന് ഈശ്വരചൈതന്യത്തിന്റെ കളങ്കമേൽക്കാത്ത സാന്നിധ്യമാണ് കുട്ടികൾ. കാണുന്നവരിൽ ആദരവ് തോന്നിപ്പിക്കുന്നതാണ് കവിയുടെ ഈ പെരുമാറ്റം. നടൻ സ്ക്രീനിൽ അത് ചെയ്യുമ്പോൾ എന്തോ കോമാളിത്തം കാണിക്കുന്ന പ്രതീതിയായാണ് പ്രേക്ഷകർക്ക് അനുഭവപ്പെടുന്നത്. കവിതയും ജീവിതവും ഇഴപിരിക്കാനാകാത്ത വിധം ഒന്നായി മാറിയ കുഞ്ഞിരാമൻ നായരെ പോലെ ഒരാളെ സ്ക്രീനിൽ അവതരിപ്പിക്കേണ്ടി വരുമ്പോൾ നിസ്വതയോ സഹൃദയത്വമോ അല്പമെങ്കിലും ശരീരഭാഷയിലേക്ക് ആവാഹിക്കാൻ ശേഷിയുള്ള ഒരു നടനെ കണ്ടെത്തേണ്ടതായിരുന്നു. ജുബ്ബയും ബാഗും കണ്ണടയും കാലുകുടയുമായി അഞ്ചലോട്ടക്കാരനെ

പ്പോലെ ഓടുന്ന, എപ്പോഴും വടി വിഴുങ്ങിയ പോലെ തോന്നിപ്പിക്കുന്ന നായക കഥാപാത്രത്തെ അവതരിപ്പിച്ച നടനാണ് സിനിമ അരോചകമാക്കിയതിന്റെ ഒരു ഘടകം.

'മധുമക്ഷിക' പോലുള്ള കവിതകളുടെ പരാമർശവും വേദിയിൽ വെച്ച് വിശിഷ്ടാതിഥിക്ക് മാമ്പൂ സമ്മാനിച്ചതുപോലുള്ള ജീവിത സന്ദർഭങ്ങളും സിനിമയിൽ കാണാം. കവിയുടെ ആത്മകഥയിലെ പല സന്ദർഭങ്ങളും കാണിച്ചിട്ടുമുണ്ട്. എന്നിട്ടും അത് കുഞ്ഞിരാമൻ നായർ മാത്രം ആകുന്നില്ല. ആ കാലത്ത് ജീവിച്ചിരുന്ന, നാടുനീളേ നടന്ന് സംബന്ധം ചെയ്യുന്നതിൽ മാത്രം ഹരം കണ്ടിരുന്ന, രോഗാവസ്ഥയിലുള്ള സ്വന്തം കുട്ടിയെ പോലും തിരിഞ്ഞു നോക്കാത്ത ഏതോ ഒരു കുഞ്ഞി 'മാരൻ' നായർ എന്നേ തോന്നുകയുള്ളൂ. അവഹേളനത്തിൽ നിന്നും കവിയുടെ കൂട്ടുകാരും വിമുക്തരല്ല. ഇതിൽ കവിയുടെ സുഹൃത്തുക്കളായി അവതരിപ്പിക്കപ്പെടുന്നവർ, കൂട്ടിക്കൊടുപ്പുകാരും കവിക്ക് സംബന്ധം ശരിയാക്കി കൊടുക്കുന്നവരുമാണ്.

ആത്മകഥയിലൊരിടത്ത് അദ്ദേഹം എഴുതുന്നു '...പുതിയ കൂട്ടുകാരുമായി പരിചയപ്പെട്ടു. വേപ്പുമരത്തിലെ മഞ്ഞക്കിളി, കരിമ്പനപ്പൊത്തിലെ ചവറ്റില പ്പറവകൾ, ചാപ്പുണ്ണി നായരുടെ മൂത്ത മകൾ തങ്കം, കൊച്ചു പൈക്കിടാവ്, വില്ലാദ്രിയിലെ പ്രഭാതം, അഴകൊഴുകുന്ന സന്ധ്യ, മണിമാലയണിഞ്ഞ മധുര രാത്രി, ചമ്പകപ്പൂക്കൾ, കുളിർക്കാറ്റ്, ചന്ദ്രവട്ടത്തേക്ക് ആനമലയിൽ നിന്ന് കാൽ നടയായി കരിക്കുമേന്തി തൊഴാൻ പോകുന്ന മലമകൾ, ഭാരതപ്പുഴ, വില്വാദ്രിയിലെ പാതിരാദീപം....'. അദ്ദേഹത്തിന് അത്രയേ ഉള്ളൂ. ഇക്കണ്ട പ്രകൃതിസൗഭഗങ്ങളിൽ ഒന്നു മാത്രമാണ് ചാപ്പുണ്ണി നായരുടെ മകൾ തങ്കം. വെറുതെയല്ല സ്വന്തം വിവാഹദിനം അദ്ദേഹം മറന്നു പോയത്. സിനിമയിൽ കാണുന്നവിധം ഭോഗലാലസനായിരുന്നു എങ്കിൽ അദ്ദേഹം സ്വന്തം വിവാഹദിനം മറന്നു പോകുമോ? സ്വന്തം വിവാഹദിനം മറക്കുന്ന ഏതെങ്കിലും ഭോഗതല്പരരുണ്ടോ?.

മൺമറഞ്ഞു പോയ ഒരു മഹാകവിയെ പിൻതലമുറയിലെ ഒരു കലാകാരൻ സിനിമ എന്ന മാദ്ധ്യമത്തിൽ എങ്ങിനെ ആവിഷ്കരിക്കുന്നു എന്നറിയുന്നതിന് 1994 ൽ ഇറങ്ങിയ മൈക്കിൾ റാഡ്ഫോർഡിന്റെ' ദി പോസ്റ്റുമാൻ' എന്ന ഇറ്റാലിയൻ സിനിമ കണ്ടാൽ മതി. പ്രണയവും രതിയും കവിതയും തന്നെയാണ് അതിലും പ്രതിപാദിക്കുന്നത്. എത്ര ഉജ്ജ്വല നിമിഷങ്ങളാണ് പാബ്ലോ നെരൂദ എന്ന കവിയെക്കുറിച്ച് അതിലൂടെ ലോകത്തിന് ലഭിക്കുന്നത്. വിശ്വപ്രകൃതിയെ നോക്കി 'നീയാണ് കവി. ഞാൻ മഷിയൊലിക്കുന്ന വിലകുറഞ്ഞ പേന' എന്ന് അത്യന്തം വിനയവാനായി ജീവിച്ച് മരിച്ചുപോയ, ഭാഷയുള്ളിടത്തോളം കാലം നിലനിൽക്കുന്ന ഒരു മഹാകവിയെ ആദരിക്കാൻ സാധിച്ചില്ലെങ്കിലും നിന്ദിക്കാതിരിക്കാമായിരുന്നു. അദ്ദേഹം തന്നെ ആത്മകഥയിൽ എഴുതിയിട്ടുണ്ട് 'ഈ കവിയുടെ ജാതകം അങ്ങിനെയാണ്. ഓണം വന്നാലും കോരന് കുമ്പിളിൽ തന്നെ കഞ്ഞി'.

കുഞ്ഞിരാമൻ നായരുമായി ബന്ധപ്പെട്ടവർ അദ്ദേഹത്തെ പറ്റിച്ചുകളഞ്ഞതിന്റെ കഥകൾക്ക് കണക്കില്ല. വീട്ടുകാവൽക്കാരനും വിശ്വസ്തനുമായിരുന്ന രാമൻ, കവി യാത്ര കഴിഞ്ഞ് മടങ്ങി എത്തിയപ്പോഴേക്കും പൂട്ടുപൊളിച്ച് ഓട്ടുപാത്രങ്ങളടക്കം കടത്തിക്കൊണ്ടുപോയി. മരാമത്ത് പണികൾക്കായി കൂടെനിന്ന ഗോപി കവിയുടെ പണം കൊണ്ട് സ്വന്തം വീട്ടുകാര്യമാണ് ഭംഗിയാക്കിയത്. എല്ലാവരുടെയും പിടിച്ചുപറിയെത്തുടർന്ന് ഉള്ളതെല്ലാം വിറ്റുപെറുക്കി അന്തിയുറങ്ങാനായി ഗുരുവായൂർ സത്രം അന്വേഷിച്ച് പോകേണ്ടിവന്നു. അപ്പോഴും ആരോടും വിദ്വേഷമില്ലാത്ത അദ്ദേഹം പറഞ്ഞു: "നന്നായി രാമാ, വളരെ നന്നായി. നന്നായി ഗോപി, എല്ലാം നന്നായി. ഞാൻ മുങ്ങി. നിങ്ങൾ പൊങ്ങി... ഇല്ലാത്തവനും വല്ലാത്തവനും പിഴക്കണം. പിഴക്കട്ടെ. അവന് സുഖമാകട്ടെ. ഞാൻ കാരണം പത്ത് ദിവസം സുഖമായി കാപ്പികുടിക്കട്ടെ..." മുന്നിൽ വന്നുപെടുന്ന കുട്ടികൾക്ക് കൊടുക്കാനായി ജുബ്ബയുടെ പോക്കറ്റിൽ സ്ഥിരമായി കൽക്കണ്ടവും മുന്തിരിയും കരുതിയിരുന്നു അദ്ദേഹം. പഴം കഴിച്ചാൽ അതിന്റെ തൊലിയും കീശയിൽ സൂക്ഷിക്കുമായിരുന്നു, വഴിയിൽ കാണുന്ന പശുവിനോ ആടിനോ കൊടുക്കാൻ. 'കൊടുത്തുമുടിഞ്ഞ മാവ്'. അങ്ങനെയുള്ള ഒരാളെക്കുറിച്ച് വന്ന സിനിമയിൽ, സ്വന്തം മകൻ മുഖത്തേക്ക് കല്ലുവലിച്ചെറിയുന്ന ഒരു സീൻ ഉൾപ്പെടുത്തിയതിന് എന്ത് സാധുതയാണുള്ളത്? ലോകസിനിമാ ഭൂപടത്തിലേക്ക് എണ്ണമറ്റ ക്ലാസിക്കുകൾ സംഭാവന ചെയ്തിട്ടുള്ള മഹാസംവിധായക പ്രതിഭ ഭാഗ്യരാജണ്ണന്റെ ജൂറിയുടെ തീരുമാനപ്രകാരം സംസ്ഥാന സർക്കാർ ഈ സിനിമയെ പുരസ്കാരങ്ങളെക്കൊണ്ട് പുതപ്പിച്ചു കിടത്തുകയും ചെയ്യുന്നു. ഈ സിനിമ കാണാൻ ഇട വന്നിരുന്നെങ്കിൽ, കുഞ്ഞിരാമൻ നായർ കോടതിയിൽ പോവുകയോ, പത്രസമ്മേളനം നടത്തി പ്രത്യാരോപണങ്ങൾ നടത്തുകയോ ഒന്നുമല്ല ചെയ്യുക. തീർച്ചയായും അദ്ദേഹം ഇങ്ങനയേ പറയൂ..., "നന്നായി ബാലാ വളരെ നന്നായി..."

സിനിമ ഉണ്ടാക്കിയിട്ടേ കണ്ണടയ്ക്കൂ എന്ന് നിർബന്ധബുദ്ധിയുണ്ടെങ്കിൽ വേറെ എന്തെല്ലാം വഴികൾ കിടക്കുന്നു. മസാല പുരട്ടിയ സിനിമകളിറക്കാൻ വെമ്പുന്ന അല്പവിഭവൻമാരായ നിങ്ങൾക്കു വേണ്ടിയല്ലേ രതിനിർവ്വേദം, ചട്ടക്കാരി, അവളുടെ രാവുകൾ, ഇണ, നിദ്ര എന്നിങ്ങനെയുള്ള സിനിമകൾ ഞങ്ങളുടെ രണ്ടാം ഭാഗവും മൂന്നാം ഭാഗവും എടുക്കു എന്ന മട്ടിൽ ക്യൂ നിൽക്കുന്നത്?

കുഞ്ഞിരാമൻ നായരെ അടുത്തറിയാവുന്ന ഒ.എൻ.വി കുറുപ്പും കാവാലം നാരായണപ്പണിക്കരും ചിത്രം കണ്ടിട്ട് 'ഞങ്ങൾക്കറിയാവുന്ന കവി ഇതു തന്നെയാണ്' എന്നു പറഞ്ഞുവത്രേ! എന്തായാലും രണ്ടു കവി പുംഗവൻമാർക്കും അഭിമാനിക്കാം, 'ദീപസ്തംഭം മഹാശ്ചര്യം, എനിക്കും കിട്ടണം പണം' എന്ന പൂർവ്വ കവിയുടെ വചനം അവർ സാർത്ഥകമാക്കിയല്ലോ. (ഇവർ രണ്ടു പേരുമാണ് സിനിമയിലെ ഗാനങ്ങൾ എഴുതിയിട്ടുള്ളത്!).

കവിയുടേയോ കവിതയുടേയോ ഉള്ളറിയാൻ കഴിവില്ലാതെ, ചുറ്റും നടന്ന് അർത്ഥരഹിതമായി ശബ്ദഘോഷം മുഴക്കുന്നവരെ കുഞ്ഞിരാമൻ നായർക്ക് നല്ല പരിചയമുണ്ട്. ദിവ്യദർശനം വേണ്ടെന്ന് വച്ച് പുറം ദർശനത്തിൽ മുഴുകുന്നവരെ കവിക്ക് കണ്ടുകൂടാ. ഈശ്വര ചൈതന്യം കാണാതെ ക്ഷേത്രത്തിന്റെ പണത്തിലും സ്വർണ്ണത്തിലും കണ്ണു വെയ്ക്കുന്ന ഇത്തരക്കാരെക്കുറിച്ച് ' നരബലി' എന്ന കവിതയിൽ അദ്ദേഹം ചിത്രീകരിച്ചിരിക്കുന്നു:

'ക്ഷേത്രം ഭരിപ്പുകാരായ
പെരുച്ചാഴികൾ കൂട്ടമായ്
മാന്തിപ്പൊളിക്കയായ് സ്വർണ
നിക്ഷേപത്തിന്റെ കല്ലറ!'